Draft #3 of File ei38/01/stc/pgmprt/2018 Approved by ASSISTANT REGISTRAR IV (ACADEMIC) on 17-Aug-2019 05:32 PM - Page 1

15 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സെന്റ്.തെരേസാസ് കോളേജ്, എറണാകുളം (സ്വയംഭരണം) - കോളേജിൽ നടത്തിവരുന്ന ഫാഷൻ ഡിസൈനിങ് ബിരുദാനന്തര ബിരുദ പ്രോഗ്രാമിന്റെ ഫാക്കൽറ്റി നിർണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 3995/AC B 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.08.2019

---

പരാമർശം:-1) 13/04/2018-ലെ 3350/3/AcB VII/2018 നമ്പർ സർവ്വകലാശാല ഉത്തരവ്.
2) 02/08/2019-ലെ അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് ഇനം നം 1/DDFS-ei 38/01/stc/pgmprt/2018

**ഉത്തരവ്**

സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.തെരേസാസ് കോളേജിൽ 2015,2016 കാലഘട്ടത്തിൽ സർവ്വകലാശാലയുടെ അനുമതി തേടാതെ 19 പുതിയ പ്രോഗ്രാമുകൾ ആരംഭിച്ചിരുന്നു. ടി പ്രോഗ്രാമുകളുടെ സിലബസുകൾ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു എന്നതും പിന്നീട് അഫിലിയേഷൻ ഫീസ് അടച്ച് രസീത് സമർപ്പിച്ചിരുന്നു എന്നതും, ടി പ്രോഗ്രാമുകൾ പൂർത്തിയാക്കി വിദ്യാർത്ഥികൾ പുറത്തിറങ്ങി എന്നതും പരിഗണിച്ചുകൊണ്ട് ടി പ്രോഗ്രാമുകളിലെ വിജയിച്ച വിദ്യാർത്ഥികളുടെ സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യുവാൻ അനുമതി നൽകികൊണ്ട് പരാമർശം-1 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പുതിയ പ്രോഗ്രാമുകളിൽ ഉൾപ്പെട്ട ഒരു പ്രോഗ്രാമായിരുന്നു Masters Programme in Fashion Designing. പ്രസ്തുത പ്രോഗ്രാം സെന്റ്.തെരേസാസ് കോളേജിൽ മാത്രമാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ ടി പ്രോഗ്രാമിന്റെ ഫാക്കൽറ്റി നിർണയിക്കുന്നതിനായി വിഷയം ഡീൻസ് കമ്മിറ്റി മുൻപാകെ സമർപ്പിച്ചിരുന്നു.

പരാമർശം-2 പ്രകാരം അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗം വിഷയം പരിഗണിക്കുകയും എറണാകുളം സെന്റ്.തെരേസാസ് കോളേജിലെ Masters Programme in Fashion Designing എന്ന പ്രോഗ്രാമിന്റെ ഫാക്കൽറ്റി Faculty of Technology & Applied Sciences എന്ന് നിർണയിക്കുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

ബഹു.വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 (17) പ്രകാരം ടി ശുപാർശ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3) പ്രിൻസിപ്പൽ സെന്റ് തെരേസാസ് കോളേജ് , എറണാകുളം
4) മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5) ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6) ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7) അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക്)/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8) എസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യൂ.എ.സി.
9) ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ ഇ.ഐ.39 സെക്ഷൻ
10) സ്റ്റോക് ഫയൽ/ റെക്കോർഡ്സ്/ ഫയൽ കോപ്പി

Draft #3 of File ei38/01/stc/pgmprt/2018 Approved by ASSISTANT REGISTRAR IV (ACADEMIC) on 17-Aug-2019 05:32 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം